# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1368** **20.01.2014 ൽ മറുപടിക്ക്**

### നെന്മാറ നിയോജക്മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

| ചോദ്യം<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) | |
|---|---|---|---|
| (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായ ത്തുകളിലാണ് മാവേലി സ്റ്റോറുകൾ ഇല്ലാത്തത്; | (എ) | നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട, വടവന്നൂർ, പല്ലശ്ശേന, കൊടുവായൂർ എന്നീ പഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ല. |
| (ബി) | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുക ളിൽ അവ തുടങ്ങു ന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) യും (സി) യും | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിനായി സപ്ലൈകോയുടെ നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ തയ്യാറാണോ എന്ന് പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെടുകയും തയ്യാറാകുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ് ചെയ്തുവരുന്നത്.<br>മുതലമട പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോറിനായുള്ള സാധ്യതാ പഠന റിപ്പോർട്ട് പാലക്കാട് റീജിയണൽ മാനേജരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ ലഭ്യതയ്ക്കനുസരിച്ച് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അപേക്ഷയിൽ തുടർനടപടികൾ സ്വീകരി ക്കുന്നതാണ്. വടവന്നൂർ, പല്ലശ്ശേന, കൊടുവായൂർ എന്നീ പഞ്ചായത്തുകളിൽ നിന്നും, മാവേലി സ്റ്റോറുകൾ തുടങ്ങു ന്നതിന് വേണ്ട അടിസ്ഥാന സൗകര്യ ങ്ങൾ ലഭ്യമാക്കാമെന്ന തീരുമാനം ലഭ്യമാക്കിയിട്ടില്ല. തീരുമാനം ലഭിക്കുന്ന മുറയ്ക്ക് സാധ്യത പഠനം നടത്തി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനാ യുള്ള അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഈ പഞ്ചായത്തുകളിൽ എന്നു മുതൽ മാവേലി സ്റ്റോർ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | | |

Beena

**സെക്ഷൻ ഓഫീസർ**